കഥ

ഫൈസൽ കൊച്ചി

# ഉമ്മു മൂസ

**കടുത്തക്ഷീണം** അവൾക്ക് അനുഭവപ്പെട്ടു. കൂട്ടുകാരികൾ പറഞ്ഞു:

"സന്തോഷായില്ലേ പെണ്ണേ....... നീ ഒരു ഉമ്മയാകുന്നു."

പക്ഷേ അവൾക്ക് തീരേ സന്തോഷം തോന്നിയില്ല.



അവൾക്ക് വേണ്ടത് ഒരാൺകുഞ്ഞിനെയായിരുന്നു. കഴിഞ്ഞവർഷം ആൺകുട്ടികളെ പ്രസവിക്കാൻ അനുവാദമുള്ള കാലമായിരുന്നു. ആൺകുട്ടികളെ പ്രസവിക്കാൻ അനുവാദമുള്ള കാലം വസന്തകാലമായിരുന്നു. പെറ്റത് ആൺകുട്ടിയെയാണെങ്കിൽ ഇരട്ടാഹ്ലാദവും ആഘോഷവുമായിരിക്കും. മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഹാറൂൻ പിറന്നപ്പോഴുള്ള കുതൂഹലങ്ങൾ അവളോർത്തു. കുഞ്ഞിനെ കുതിരപ്പുറത്തിരുത്തി നദീതീരത്തൂടെ സ്തുതിയുടെയും ശുക്റിന്റെയും പാട്ടുകൾ പാടിയുള്ള യാത്ര. അന്നു മുതലാണ് ഇനിയും പ്രസവിക്കുന്നത് ഒരു ആൺകുഞ്ഞിനെയായിരിക്കണമെന്ന് തീരുമാനിച്ചത്. മനുഷ്യനല്ലേ. ആഗ്രഹങ്ങൾക്ക് അതിരും പരിധിയുമുണ്ടായിരിക്കില്ല. ഒന്ന് ലഭിച്ചാൽ മറ്റൊന്നുകൂടി വേണമെന്ന് തോന്നും. വായിൽ മണ്ണ് നിറയുമ്പോഴേ ആശയൊടുങ്ങുകയുള്ളൂ.

"പെണ്ണിന്റെ പൂതി കുറച്ച് കൂടണ്ണ്ട്." വയറ്റാട്ടിമാരിലൊരാൾ പറയുന്നത് അവൾ കേട്ടു.

കഴിഞ്ഞ ആഴ്ച്ച നേർത്ത ചന്ദ്രന്റെ എത്തിനോട്ടം മാനത്തുണ്ടായിരുന്നു. അതൊരു മാസപ്പിറവി മാത്രമായിരുന്നില്ല, കൊല്ലപ്പിറവി കൂടിയായിരുന്നു. ഇക്കൊല്ലം ആൺകുഞ്ഞിനെ പ്രസവിക്കുന്നത് നിരോധിച്ചിട്ടുണ്ട്. രാജാവിന്റെ ഉത്തരവ് ഇന്നലെ വിളംബരം ചെയ്തിരുന്നു.

"ആൺകുഞ്ഞിനെ കൊതിച്ചിട്ട് ഇനി നീയെന്തു ചെയ്യും." തോഴിയായ മാരിയത്തിന്റെ ചോദ്യമാണ്.

അവൾ ഉത്തരമൊന്നും പറഞ്ഞില്ല. അവളുടെ കണ്ണുകൾ അറിയാതെ മാനത്തേക്കുയർന്നു. പിന്നെ അനന്തമായി ഒഴുകുന്ന നദിയിലേക്കും.

കൂട്ടുകാരികളും കുടുംബാദികളും വീട്ടിലേക്ക് സമ്മാനങ്ങളുമായി വന്നുകൊണ്ടേയിരിക്കുകയാണ്. ഉച്ചത്തിലുള്ള ചിരിയും ബഹളംവെച്ചുള്ള വർത്തമാനങ്ങളും. ആരോരുമറിയാതെ പ്രസവിക്കണമെന്നായിരുന്നു അവളുടെ ആഗ്രഹം. അതിന് ആളുകൾ സമ്മതിക്കില്ല.

പ്രത്യേകിച്ചും കുടുംബത്തിലെ ആണുങ്ങൾ. ആൺകുഞ്ഞുങ്ങളെ പ്രസവിക്കാൻ നിരോധമുള്ള വർഷങ്ങളിൽ പെൺകുട്ടി ഗർഭിണിയായാൽ ആരെയും അറിയിക്കാതിരുന്നാൽ മതിയല്ലോ. ആരും അറിയാതിരുന്നാൽ രഹസ്യമായി പ്രസവിക്കുകയും പോറ്റുകയും ചെയ്യാം. അതൊന്നും ആലോചിക്കാനുള്ള ബുദ്ധി ഞങ്ങളുടെ ആണുങ്ങൾക്ക് ഇല്ല. ഉണ്ടായിരുന്നെങ്കിൽ ഇത്രയും കാലം അടിമകളായി കഴിയേണ്ടിവരികയില്ലല്ലോ. പിന്നെ കുറേ ആചാരങ്ങളും. തീറ്റയാണ് ആചാരങ്ങളിൽ പ്രധാനം. പച്ചക്കറിയൊന്നും ആരും തൊട്ടുനോക്കില്ല. എല്ലാവർക്കും നല്ല വെട്ടുകിളിതന്നെ കിട്ടണം. സൽക്കരിക്കുന്നത് രാജാവാണെങ്കിൽ രാജാവിന്റെ പക്ഷത്താകും. മക്കളെ കൊല്ലലൊക്കെ അപ്പോൾ മറക്കും. ആരെങ്കിലും ഗർഭിണിയായാൽ ഒന്നാം ദിവസം തന്നെ നിരനിരയായി സൽക്കാരത്തിന് വരും. അവരുടെ പിറകെ രാജാവിന്റെ രഹസ്യക്കാരും വീട്ടിലെത്തും. അവരുടെ രജിസ്റ്ററിൽ പേര് വീഴും. വൈദ്യപരിശോധനാപത്രം തയാറാക്കും. തുടർന്നുള്ള എല്ലാ മാസങ്ങളിലും പരിശോധനയുണ്ടാകും. സൗജന്യമായി മരുന്ന് നൽകും. പ്രസവിക്കുന്ന കാലവും സമയവും കണക്കുകൂട്ടും. കൃത്യസമയത്തു തന്നെ കാലന്മാർ വരും. രാജാവിന്റെയാളുകൾ ആൺകുഞ്ഞുങ്ങളെ കൊണ്ടുപോകുമ്പോൾ പൊട്ടിക്കരയുന്ന ഉമ്മമാരെ ആശ്വസിപ്പിക്കാൻ ആർക്കും കഴിയില്ല. കാലങ്ങളായി നടക്കുന്ന കൊലക്കളിയും ഒരാചാരം പോലെ എല്ലാവരും സ്വീകരിക്കുന്നു. അങ്ങനെയാണെങ്കിലും ജീവിക്കാൻ ഔദാര്യം ലഭിച്ച പെൺകൊടിമാരുടെ കരച്ചിലിന് ഈ നീലനദിയുണ്ട് സാക്ഷിയായിട്ട്. ഇന്നലെ രാത്രിയാണ് അവൾ എല്ലാവരോടും അക്കാര്യം തുറന്നുപറഞ്ഞത്.

" എനിക്ക് വയറ്റിലാണെന്ന കാര്യം ആരോടും കൊട്ടിഘോഷിക്കണ്ട. ഒരു ഇലയനക്കം പോലുമില്ലാതെ പ്രസവിക്കണമെന്നാണ് എന്റെ ആഗ്രഹം. ഈ ആളുകളെ കാണുമ്പോൾ പേടിയാവുന്നു. തിന്നും കുടിച്ചുമുള്ള അവരുടെ ചിരിയിൽ എന്റെ കുഞ്ഞിന്റെ കരച്ചിലാണ് കാതിലെത്തുന്നത്."

ദുഃഖം കനക്കുമ്പോൾ അവൾ നദിക്കരയിലേക്ക് പോകും. ഈത്തപ്പനയുടെ തണലിലിരുന്ന് തന്റെ കുഞ്ഞിനോട് ആവോളം സംസാരിക്കും. അവൾ അവന് ഒരു പേര് നൽകി- മൂസാ. ചരിത്രത്തിൽ ഒരുമ്മയും പ്രസവിക്കുന്നതിന് മുമ്പ് കുഞ്ഞിന് പേരിട്ടിട്ടുണ്ടാകാൻ വഴിയില്ല. ആരും അതിന് സമ്മതിക്കില്ല. മൂസാ- അവൾ വിളിച്ചു. ഒന്നല്ല, കൊതി തീരും വരെ. വിളിച്ചുതീരുന്നത് കണ്ണുനീരിന്റെ ഉപ്പ് ചുണ്ടിൽ പടരുമ്പോഴാണ്.

കണ്ണും കവിളും തുടച്ച് അവൾ പ്രാർത്ഥിക്കും.

" എന്റെ നാഥാ.... ഇതൊന്നും നീ കാണുന്നില്ലേ.. ഈ ദുരവസ്ഥ മാറണമെങ്കിൽ ആണൊരുത്തൻ വേണം. നമ്മുടെ വംശത്തിൽ എണ്ണം പിടിക്കാൻ ആ ജാതി പെരുത്തുണ്ട്. ഉഛിഷ്ടവും തിന്ന് രാജാവിന്റെ അടുക്കളയിൽവെന്തു തീരാനാണ് അവർക്ക് വിധി. ധാരാളം പേരെക്കൊണ്ട് സാധിക്കാത്തത് ചിലപ്പോൾ ഒരുത്തനെക്കൊണ്ട് സാധിക്കും. ആ ഒരാളെ നീ എനിക്ക് നൽകേണമേ"

നാഥനോട് സംസാരിക്കുമ്പോൾ മാത്രമാണ് അവൾക്ക് കരച്ചിൽ വരിക. കണ്ണീര് തുടച്ചുകൊണ്ട് അവൾ പറയും.

"മൂസേ, ഇതെല്ലാം ഉമ്മ നിന്നോട് പറയുന്നതെന്തിനാണെന്നറിയോ. ആ ഒരാൾ നീയാവാനാണ്."

ശിശിരവും ശൈത്യവും ഉഷ്ണവും അവളോട് യാത്ര പറഞ്ഞു. ഈത്തപ്പനകൾ പൂത്തു. നദി അവളുടെ ഉറ്റ സഖിയായി. അവളുടെ സ്വപ്നങ്ങളും സങ്കടങ്ങളും ഓളങ്ങളുമായി പങ്കുവെച്ചുകൊണ്ടേയിരുന്നു.

"തീരത്തോട് കിന്നാരം പറയുന്ന നിന്റെ ഓളങ്ങൾ കടലിലെത്തിയാൽ ആർത്തലച്ച തിരമാലകളാകുമോ? ആ തിരമാലകളിൽ ഒരാളെ മുക്കിക്കൊല്ലാമോ? ഒരാളെ മാത്രം പോരാ. അയാളുടെ പരിവാരങ്ങളേയും വേണം. തിരമാലകളിൽ അവർ മുങ്ങിപ്പൊങ്ങുന്നത് കാണാൻ തീരങ്ങളിൽ ആളുകൾ തടിച്ചുകൂടണം. അതിനിടയിൽ അൽപ്പം ഗമയിൽ ഞാനും വേണം. അല്ലങ്കിൽ ഗമ വേണ്ട . ഞാൻ മാത്രം മതി. അങ്ങനെ കൊതിച്ചുപോകാൻ മാത്രമുണ്ട് അവരുടെ അഹന്ത. നാഥാ..നിന്നിൽ അവർക്ക് തീരെ വിശ്വാസമില്ല. നിനക്കവരെ നിലക്ക് നിറുത്തികൂടേ? ഈ തിരമാലകളുടെ വേലിയേറ്റത്തിൽ ഒലിച്ചുപോകാവുന്നതല്ലേയുള്ളൂ അവന്റെയെല്ലാമെല്ലാം."

ഇന്നലെയും കുറേ ആൺകുട്ടികളെ രാജാവിന്റെ കിങ്കരന്മാർ പിടിച്ചുകൊണ്ടുപോയി. ഇപ്പോഴും എത്രയാണ് ചങ്ങലകളിൽ ബന്ധിതരായതെന്ന് ഒരു കണക്കും ആർക്കുമില്ല. ചിലപ്പോൾ ചില ചെറുപ്പക്കാരുടെ ചലനമറ്റ ശരീരങ്ങൾ ചന്തയിൽ നിന്ന് കിട്ടും. പുറത്തു നിറയേ പാടുകളും രക്തക്കറയുമുണ്ടാകും. മുഖങ്ങൾ വികൃതമായിരിക്കും. നദിയിലൂടെ ശവങ്ങൾ ഒഴുകിവരും. ആരൊക്കെയാണെന്ന് കുടുംബക്കാർ നോക്കി മനസ്സിലാക്കണം. ഉമ്മമാർ അവരുടെ ശരീരത്തിൽ അടയാളങ്ങൾ തെരയും. പെറ്റതിനുശേഷം പിന്നെ മക്കൾക്ക് തുരുതുരാ ഉമ്മ കൊടുക്കാൻ കഴിയുന്ന അടുത്ത അവസരമാണ് ഇത്. ആണുങ്ങൾ അപ്പോഴും പന്തലിടാനും തളിക നിരത്താനുമുള്ള തിരക്കിലായിരിക്കും.

"മൂസേ........ രാജാവും പരിവാരങ്ങളും പേടിത്തൊണ്ടന്മാരാണ്. നീ ഇപ്പോൾ തന്നെ നോമ്പു നോറ്റുകൊള്ളുക. നിനക്ക് തുണയായി ഹാറൂൻ ഉണ്ടാകും. പിന്നെ ഈ ഉമ്മയും. കാര്യങ്ങളൊക്കെ നീ എവിടെയെങ്കിലുമെത്തിക്കണം. അടവുകളും ഉപായങ്ങളും ഇപ്പോൾ തന്നെ ആലോചിച്ചുവെച്ചേക്കണം. ഒരു ഈച്ചപോലുമറിയാതെ നിന്നെ പെറ്റിടുന്ന കാര്യം ഞാനേറ്റു."

അവൾക്കുത്തരം കിട്ടി.

"നീ നിന്റെ കുഞ്ഞിനെ മുലയൂട്ടുക. പിന്നെ അവനെ നദിയിൽ ഒഴുക്കിയേക്കുക. കണ്ണുനനക്കേണ്ട. ഞാൻ അവനെ നിനക്കു തിരിച്ചുനൽകാം. ദൂതന്മാരിലുൾപ്പെടുത്തുകയും ചെയ്യാം."

നിറവയറുമായി അവൾ നദിക്കരയിലൂടെ ഓടി. അവൾക്ക് നൊസ്സാണെന്ന് പലരും അടക്കംപറഞ്ഞു. അവളുടെ കണ്ണുനീർ തിരമാലകളായും ചങ്കിടിപ്പുകൾ ചെങ്കടലായും മാറി. അതിലൊരു അഹങ്കാരിയും അവന്റെ പരിവാരങ്ങളും മുങ്ങിച്ചാവുന്നത് കണ്ട് അവൾ ഊറിച്ചിരിച്ചു. ■